SAFE ENVIRONMENT PROGRAM

കത്തോലിക്കാസഭയുടെ സുരക്ഷിത ചുറ്റുവട്ട പദ്ധതി

ബിഷപ് ജോസ് പൊരുന്നേടം



FREQUENTLY ASKED QUESTIONS

malankaralibrary.com

കത്തോലിക്കാസഭയുടെ
സുരക്ഷിത ചുറ്റുവട്ട പദ്ധതി

(Safe Environment Program)

malankaralibrary.com



MALANKARA
LIBRARY

malankaralibrary.com

കത്തോലിക്കാസഭയുടെ സുരക്ഷിത ചുറ്റുവട്ട പദ്ധതി

(Safe Environment Program)

ബിഷപ് ജോസ് പൊരുന്നേടം



E-mail: atmabooks@gmail.com

malankaralibrary.com

Malayalam
Safe Environment Program

Author: Bishop Jose Porunnedom

Copyright: Author

Layout &
Cover Design: Sreejith George

First Published: Sep. 2019

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

malankaralibrary.com

ആമുഖം

നാം ജീവിക്കുന്ന ലോകം വളരെ വേഗം അതിസങ്കീർണ്ണമായ മാറ്റങ്ങളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ് എന്ന വസ്തുത നമ്മൾ അനുദിനം അനുഭവിച്ചറിയുന്നവരാണല്ലോ. സാങ്കേതിക രംഗങ്ങളിലും ആശയവിനിമയരംഗത്തുമാണ് ഈ മാറ്റം ഏറ്റവും പ്രകടമായി കാണാവുന്നത്. മാധ്യമ ലോകത്ത് പുതിയ സാധ്യതകൾ തുറന്നതോടെ തങ്ങളുടെ ആശയങ്ങൾ യാതൊരു വിലക്കുകളും അതിർവരമ്പുകളും തടസ്സങ്ങളും ഇല്ലാതെ കാഴ്ചക്കാരിലേക്കും കേൾവിക്കാരിലേക്കും വായനക്കാരിലേക്കും ആർക്കും എപ്പോൾ വേണമെങ്കിലും എത്തിക്കാം എന്ന സ്ഥിതിയിലാണ് നാം. അതിലൂടെ അവരുടെ കാഴ്ചപ്പാടുകളേയും നിലപാടുകളേയും സ്വാധീനിക്കാം. പരമ്പരാഗതമായ പലതും മാറ്റിമറിക്കപ്പെട്ടു കഴിഞ്ഞു. പുതിയ ഈ മാറ്റങ്ങൾക്കനുസരിച്ച് പൊതുസമൂഹത്തിലും സഭയിലും ഉള്ള കാഴ്ചപ്പാടുകളും മനോഭാവങ്ങളും നയങ്ങളും നിയമങ്ങളും എല്ലാം മാറിക്കൊണ്ടേയിരിക്കുന്നു.

ഇന്ന് ഏറ്റവും കൂടുതൽ മാറ്റങ്ങൾക്ക് വിധേയമാകുന്ന ഒരു മേഖലയാണ് വ്യക്തിസ്വാതന്ത്ര്യത്തേയും ലിംഗസമത്വത്തേയും മനുഷ്യാവകാശത്തേയും സംബന്ധിച്ചുള്ളത്. ഇത്രയും കാലം നമ്മൾ കണ്ടും ശീലിച്ചും വന്ന രീതിയിലല്ല ഇന്ന് പൊതുസമൂഹവും അതിന്റെതന്നെ ഭാഗമായ സഭയും അവയെ നോക്കിക്കാണുന്നതും പരിഗണിക്കുന്നതും. മനുഷ്യാവകാശങ്ങളെപ്പറ്റി പറയുമ്പോൾ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെടുന്ന മേഖലയാണ് സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്തവർക്കും പ്രായപൂർത്തി വന്നെങ്കിലും എളുപ്പം പീഡിപ്പിക്കപ്പെടാൻ സാധ്യതയുള്ളവർക്കും എതിരേയുള്ള ലൈംഗികവും അല്ലാത്തതുമായ അതിക്രമങ്ങൾ. സ്ത്രീയോ പുരുഷനോ അല്ലാത്തവരും, ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരായവരും, പുറമേ സ്ത്രീയോ പുരുഷനോ ആയി കാണപ്പെടുന്നെങ്കിലും ഇതര ലിംഗത്തിൽപ്പെട്ടവരുടെ മനസ്സും വേഷവുമായി ജീവിക്കുന്നവരും, ഇന്ന് സഭയുടേയും സമൂ

malankaralibrary.com

ഹത്തിന്റേയും മുഖ്യധാരയിലുണ്ട്. അവരും ദൈവത്തിന്റെ മക്കൾ തന്നെ. ആ നിലയിൽ അവർ എല്ലാവരും നമ്മുടെ സഹോദരങ്ങളാണ്. അവർക്കും മനുഷ്യമഹത്വവും അതിൽ നിന്നുത്ഭവിക്കുന്ന അവകാശങ്ങളും ഉണ്ട്. അവർക്കെതിരേയുള്ള അതിക്രമങ്ങളെ നേരിടാനുള്ള നിയമങ്ങളും പ്രാബല്യത്തിലുണ്ട്. എന്നാൽ നിർഭാഗ്യവശാൽ ഇപ്പോഴും പുരുഷ കേന്ദ്രീകൃതമായ ഒരു സമൂഹവും സഭയുമാണ് നമ്മുടേത് എന്നതൊരു വസ്തുതയാണ്. അതിനെതിരേയുള്ള സ്വരങ്ങൾ സമൂഹത്തിൽ എന്നതുപോലെ സഭയിലും വളരെ ശക്തമായി ഉയർന്നുവന്നു കഴിഞ്ഞു എന്ന കാര്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.

മേൽപ്പറഞ്ഞ മേഖലകളിലെ അതിക്രമങ്ങളെപ്പറ്റി കത്തോലിക്കാ സഭയുടെ ഉന്നതാധികാരിയായ മാർപാപ്പയും ഭാരതകത്തോലിക്കാ മെത്രാൻസമിതി (സി.ബി.സി.ഐ.) യും, കേരളകത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി) യും സീറോമലബാർ സിനഡും എല്ലാം പല പ്രാവശ്യം ചർച്ച ചെയ്ത് നിയമങ്ങൾ പാസ്സാക്കുകയും അവ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തെങ്കിലും എന്തുകൊണ്ടോ സഭയുടെ ഈ നയമാറ്റത്തെപ്പറ്റിയും പുതിയ നിയമങ്ങളെപ്പറ്റിയും സഭാനേതൃത്വത്തിലടക്കമുള്ള ബന്ധപ്പെട്ടവരിൽ അവബോധം ആവശ്യത്തിനെത്തിയിട്ടില്ല എന്നതൊരു സത്യമാണ്. ഇക്കാര്യം വ്യക്തമായി മനസ്സിലാക്കിയ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ എല്ലാ രാജ്യങ്ങളിലുമുള്ള പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധികളെ ഏതാനും മാസങ്ങൾക്ക് മുമ്പ് റോമിൽ വിളിച്ച് ചേർത്ത് അതാതു രാജ്യത്തെ മെത്രാൻ സമിതികളെ ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. അതിൻപ്രകാരം കഴിഞ്ഞ ജൂൺ മാസത്തിൽ ഇന്ത്യയിലെ അപ്പസ്റ്റോലിക് ന്യൂൺഷോ, അതായത് പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധി, നമ്മുടെ സഭാതലവന്മാർക്ക് അക്കാര്യത്തെ പരാമർശിച്ചുകൊണ്ട് ഇപ്രകാരം എഴുതി:

റോമിൽ ഈ അടുത്ത നാളിൽ അപ്പസ്റ്റോലിക് ന്യൂൺഷോമാരുടെ ഒരു സമ്മേളനത്തിൽ പരിശുദ്ധ പിതാവും പരിശുദ്ധ സിംഹാസനത്തിന്റെ ആഭ്യന്തരകാര്യവകുപ്പിലെ അധികാരികളും ചില കാര്യങ്ങൾ ഞങ്ങളോട് ഊന്നിപ്പറഞ്ഞു: പ്രായപൂർത്തിയാകാത്തവരുടേയും എളുപ്പം പീഢിപ്പിക്കപ്പെടാൻ സാധ്യതയുള്ള മുതിർന്നവരുടേയും സംരക്ഷണത്തിനായി പരിശുദ്ധ സിംഹാസനം പ്രാബല്യത്തിൽ

malankaralibrary.com

വരുത്തിയിട്ടുള്ള നിയമങ്ങൾ (നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു-Motu Proprio You are the light of the World, 9 May 2019) *കർശനമായി അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി മെത്രാൻസമിതികളെ ഓർമ്മപ്പെടുത്തണം എന്നതായിരുന്നു അത്. അത്തരം കാര്യങ്ങൾ റിപ്പോർട്ട് ചെയ്യാനായി പൊതുജനത്തിന് എളുപ്പത്തിൽ കടന്നുവരാവുന്നതും സ്ഥിരമായതുമായ ഒന്നോ അതിലധികമോ സംവിധാനങ്ങൾ 2020 ജൂൺ മാസത്തോടെ ലോകത്തിലെ എല്ലാ രൂപതകളിലും ഉണ്ടാകണം എന്ന നിയമത്തെപ്പറ്റി പ്രത്യേക പ്രാധാന്യം കൊടുത്ത് അവർ പറയുകയുണ്ടായി. പരിശുദ്ധ പിതാവ് ഇക്കാര്യത്തെപ്പറ്റി സ്വയം പ്രേരിതമായി എഴുതിയ മേൽസൂചിപ്പിച്ച രേഖയിൽ കൂടുതൽ പര്യാപ്തവും ഫലവത്തുമായ സംവിധാനങ്ങൾ പ്രാദേശികമായി ഇക്കാര്യങ്ങൾ രൂപീകരിക്കാനുള്ള സാധ്യത കൊടുത്തിട്ടുണ്ട്. അതിനാൽ നിശ്ചയിക്കപ്പെട്ട അവസാന തീയതി മാനിച്ചുകൊണ്ട് ബന്ധപ്പെട്ട രൂപതാ സമിതികളേയും ഓഫീസുകളേയും പ്രവർത്തനക്ഷമമാക്കാൻ മെത്രാൻസമിതികളെ കൂടുതൽ സംവേദന ക്ഷമമാക്കണമെന്നും അവർ ഞങ്ങളോട് പറയുകയുണ്ടായി.*

മേൽപ്പറഞ്ഞ നിയമങ്ങളെപ്പറ്റിയും സംവിധാനങ്ങളെപ്പറ്റിയും സഭാംഗങ്ങൾക്കും പൊതുജനത്തിനും ആവശ്യമായ അറിവും അവബോധവും ഉത്തരവാദിത്വപ്പെട്ടവർ പകർന്നുകൊടുക്കേണ്ടതുണ്ട്. രൂപതകളിൽ എന്നപോലെ സമർപ്പിതസമൂഹങ്ങളിലും നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള സ്ഥാപനങ്ങളിലും പ്രായപൂർത്തിയാകാത്തവർക്കും ഏളുപ്പം പീഡീപ്പിക്കപ്പെടാൻ സാധ്യതയുള്ള മുതിർന്നവർക്കും എതിരേയുള്ള ലൈംഗികവും അല്ലാത്തതുമായ പീഢനങ്ങൾ കൈകാര്യം ചെയ്ത് നടപടിയെടുക്കാൻ അധികാരമുള്ള സമിതികൾ ഉണ്ടാകണം എന്ന് സഭയുടേയും ഇന്ത്യയുടേയും നിയമങ്ങൾ അനുശാസിക്കുന്നു. പല രൂപതകളും സമർപ്പിതസമൂഹങ്ങളും ഇതിനകം തന്നെ ഇത്തരം സമിതികൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. സുരക്ഷിതചുറ്റുവട്ട സമിതി (Safe Environment Committee) എന്നാണ് ഈ സമിതി അറിയപ്പെടുന്നത്.

പരിശുദ്ധ സിംഹാസനത്തിന്റേയും കേരളകത്തോലിക്കാ സമിതിയുടേയും സിനഡിന്റേയും നിർദ്ദേശമനുസരിച്ച് എല്ലാ സഭാശുശ്രൂഷകർക്കും മേൽപ്പറഞ്ഞ നിയമങ്ങളിലും ബന്ധപ്പെട്ട സംഗതികളിലും ക്രമമായ ഇടവേളകളിൽ അറിവും പരിശീലനവും കൊടുക്കേണ്ടതു

malankaralibrary.com

ണ്ട്. ആ ഉത്തരവാദിത്വവും രൂപതയിലെ സുരക്ഷിത ചുറ്റുവട്ട സമിതിക്കാണ്. നിശ്ചിതസമയങ്ങളിൽ അവർ പരിശീലന കോഴ്സിന്റെ വിവരങ്ങൾ സഭാംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും പരിശീലനാനന്തരം അതിൽ സംബന്ധിച്ചവർക്ക് പ്രത്യേക സർട്ടിഫിക്കറ്റുകൾ നല്കുകയും വേണം.

സഭാ ശുശ്രൂഷകർ എന്ന സംജ്ഞയിൽ പെടുന്നത് ഇനിപ്പറയുന്നവരാണ്: 1) വൈദിക ശുശ്രൂഷികൾ (മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ), 2) വൈദിക വിദ്യാർത്ഥികൾ, 3) സമർപ്പിത സമൂഹങ്ങളിലെ അംഗങ്ങളും അവരുടെ അർത്ഥിനികളും അർത്ഥികളും (സ്ത്രീകളുടേയും പുരുഷന്മാരുടേയും), 4) മതാദ്ധ്യാപകർ, 5) കൈക്കാരന്മാർ, കമ്മറ്റിക്കാർ, 6) കപ്യാർ, കണക്കൻ, സെക്രട്ടറി, 7) പ്രതിഫലം പറ്റിക്കൊണ്ടോ അല്ലാതെയോ സഭയുടെ ഏതെങ്കിലും മേഖലയിൽ സേവനം ചെയ്യുന്ന മറ്റെല്ലാവരും. തെരഞ്ഞെടുപ്പിലൂടെ ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് കടന്ന് വരുന്ന കൈക്കാരന്മാർ, കമ്മറ്റിക്കാർ തുടങ്ങിയവർക്ക് മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് അവരുടെ സത്യപ്രതിജ്ഞക്ക് മുമ്പ് തന്നെ ഉണ്ട് എന്ന് ഉറപ്പ് വരുത്തണം. അതുപോലെ തന്നെ ഡീക്കന്മാർ വൈദികപട്ടം സ്വീകരിക്കുന്നതിന് മുമ്പായി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ഒരു സത്യവാങ്മൂലം ഒപ്പിട്ട് രൂപതാദ്ധ്യക്ഷനെ ഏൽപ്പിക്കുകയും ചെയ്യണം. ഇത് സെമിനാരിയിൽ ലഭ്യമായ കോഴ്സിന് പുറമേയാണ്. സമർപ്പിതരുടെ അർത്ഥികളും അർത്ഥിനികളും അപ്രകാരം തന്നെ പ്രഥമ വ്രതവാഗ്ദാനത്തിന് മുമ്പായി പരിശീലനത്തിന് വിധേയരായി സർട്ടിഫിക്കറ്റ് നേടണം. മറ്റ് രൂപതകളിൽ നിന്ന് സ്ഥലം മാറി വരുന്ന സമർപ്പിതർ മറ്റേതെങ്കിലും രൂപതയിലെ പരിശീലനപദ്ധതിയിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയാലും മതി.

സുരക്ഷിത ചുറ്റുവട്ട കമ്മറ്റിയുടെ പരിശീലനപദ്ധതിക്ക് സഹായകമാകുന്നതിന് വേണ്ടിയാണ് ഇതുമായി ബന്ധപ്പെട്ടുണ്ടാകാവുന്ന സംശയങ്ങൾ ചോദ്യോത്തരരൂപത്തിൽ ക്രോഡീകരിച്ച് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കൂടുതൽ പഠനത്തിനും മറ്റുമായി ഇതര ഉറവിടങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

malankaralibrary.com

1. എന്താണ് സുരക്ഷിത ചുറ്റുവട്ട പദ്ധതി?

സകലമനുഷ്യർക്കും ആശ്വാസവും സാന്ത്വനവും നല്കുന്ന ഇടങ്ങളാണ് കത്തോലിക്കാ ദേവാലയങ്ങളും വൈദികമന്ദിരങ്ങളും സ്ഥാപനങ്ങളും. എന്നാൽ അതേയിടങ്ങൾ തന്നെ കുട്ടികളും എളുപ്പത്തിൽ പീഡിപ്പിക്കപ്പെടാവുന്ന മുതിർന്നവരും (vulnerable adults) ദുരുപയോഗം ചെയ്യപ്പെടാനോ അപമാനിതരാകാനോ ഇടയുള്ള സ്ഥലങ്ങളായി മാറാനും സാദ്ധ്യതയുണ്ട്. കുട്ടികളും ദുർബലരും അപ്രകാരം ചൂഷണം ചെയ്യപ്പെട്ടതിന്റെ ഉദാഹരണങ്ങൾ ലോകവ്യാപകമായി ഇന്ന് ലഭ്യവുമാണല്ലോ. ഈ സാഹചര്യത്തിലാണ് കേരളത്തിലെ വിശ്വാസസമൂഹത്തെ സുരക്ഷിതമായ ചുറ്റുപാടുകളിൽ പരിപാലിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തണമെന്ന് സഭയൊന്നാകെ ചിന്തിച്ചത്. അതിന്റെ ഭാഗമായി കേരള കത്തോലിക്കാ മെത്രാൻ സമിതി ചിട്ടപ്പെടുത്തിയ പ്രത്യേക പദ്ധതിയാണ് സുരക്ഷിത ചുറ്റുവട്ട പദ്ധതി (Safe Environment Programme).

(Ref: Safe Environment Policy of KCBC, II,1-3)

2. സുരക്ഷിത ചുറ്റുവട്ടപദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

a. നമ്മുടെ രൂപതകളിലെ വിശ്വാസസമൂഹങ്ങളിൽ കുട്ടികൾക്കും എളുപ്പത്തിൽ പീഡിപ്പിക്കപ്പെടാവുന്നവർക്കും സുരക്ഷിതവും സുഭദ്രവുമായ ഒരു പരിസരം പ്രദാനം ചെയ്യുക.

b. ഏതു തരത്തിലുമുള്ള ലൈംഗികദുരുപയോഗത്തിൽ നിന്നും ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുക.

c. ഏതു തരത്തിലുള്ള ലൈംഗികഅതിക്രമവും കൈയ്യേറ്റവും സഭാധികാരികൾക്കും സിവിൽ അധികാരികൾക്കും റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഊന്നിപ്പറയുക.

malankaralibrary.com

d. ഇരയുടെയും കുടുംബത്തിന്റെയും അവരുൾപ്പെടുന്ന സഭാകൂട്ടായ്മയുടെയും ആത്മീയവും ഭൗതികവും വൈകാരികവുമായ തലങ്ങളെ അഭിസംബോധന ചെയ്യുക.

e. വൈദികർക്കും സഭാശുശ്രൂഷകർക്കും സന്നദ്ധസേവകർക്കും നേരെയുണ്ടാകാനിടയുള്ള തെറ്റായ ആരോപണങ്ങളെ അഭിസംബോധന ചെയ്യുക.

(Ref: Safe Environment Policy of KCBC, II, 5)

3. സുരക്ഷിത ചുറ്റുവട്ട പദ്ധതിയിലെ നിബന്ധനകൾ വളരെ കഠിനമാണ്. എന്തുകൊണ്ടാണ് സഭ ഇത്രയും കാർക്കശ്യം പുലർത്തുന്നത്? (സുരക്ഷിത ചുറ്റുവട്ട പദ്ധതിയുടെ അന്തർദ്ദേശീയ-ദേശീയ-പ്രാദേശിക പശ്ചാത്തലങ്ങൾ)

സുരക്ഷിത ചുറ്റുവട്ട പദ്ധതിയിലേക്ക് സഭയെ നയിക്കുന്ന അന്തർദ്ദേശീയവും ദേശീയവും പ്രാദേശികവുമായ പലവിധ കാരണങ്ങളുണ്ട്. 1950-കൾ മുതൽ വൈദികരുടെ പേരിലുള്ള ലൈംഗികദുരുപയോഗ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടാൻ തുടങ്ങിയിരുന്നു. മാധ്യമശ്രദ്ധയിലേക്ക് ഇത്തരം കേസുകൾ വ്യാപകമായി എത്തിപ്പെടാനാരംഭിച്ചത് 1980-കളിൽ കാനഡയിലും അമേരിക്കയിലുമായിരുന്നു. 1990-കളിലെത്തിയപ്പോഴേക്കും അർജന്റീന, ഓസ്ട്രേലിയ എന്നുവേണ്ട പലയിടങ്ങളിൽ നിന്നും സമാനമായ വാർത്തകൾ ലോകത്ത് പരക്കാൻ തുടങ്ങി. രണ്ടായിരാമാണ്ട് ആയപ്പോഴേക്കും വൈദികരുൾപ്പെടുന്ന ലൈംഗിക ദുരുപയോഗക്കേസുകൾ ആഗോളവ്യാപകമായ ഒരു വാർത്തയും ചർച്ചയുമായി മാറിക്കഴിഞ്ഞിരുന്നു.

കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെങ്കിലും അവയിൽ കുറ്റാരോപിതരായ വൈദികരെ സഭാനേതൃത്വം സ്ഥലങ്ങൾ മാറ്റുന്നതല്ലാതെ ശിക്ഷിക്കുന്നില്ലായെന്ന് വീണ്ടും ആരോപണങ്ങളുയർന്നു. അത്, ലോകത്തെമ്പാടും വൈദികരുടെ ദുരുപയോഗകേസുകൾ കർശനമായി കൈകാര്യം ചെയ്യുന്നതിന് സഭാനേതൃത്വത്തെ നിർബന്ധിച്ചു. ഇത്തരം കേസുകൾ പരിഹരിക്കാൻ-ശിക്ഷയായും മറ്റും-ഭീമമായ തുകകൾ കണ്ടെത്തേണ്ടി വന്ന അമേരിക്കയിലെയും യൂറോപ്പിലെയും ചില രൂപതകൾ പാപ്പരാവുകയും ചെയ്തു. അതേസമയം തന്നെ പ്രശസ്തി, സമ്പത്ത് എന്നിങ്ങനെ

malankaralibrary.com

വ്യത്യസ്ത ലക്ഷ്യങ്ങളോടു കൂടി പലരും വ്യാജമായ പരാതികളും നല്കിയിരുന്നുവെന്നതും സത്യമാണ്.

അന്താരാഷ്ട്രതലത്തിലുള്ള ഇത്തരം സംഭവവികാസങ്ങളുടെ യെല്ലാം പശ്ചാത്തലത്തിലാണ് കർക്കശമായ രീതിയിൽ ഈ സാഹചര്യങ്ങളെ കൈകാര്യം ചെയ്യണമെന്ന ചിന്തയുണ്ടായത്. കുട്ടികളെ ദുരുപയോഗം ചെയ്യുന്നവരെയും ചെയ്തുവെന്ന് സംശയിക്കുന്നവരെയും ഉടനടി സ്ഥാനത്ത് നിന്ന് മാറ്റണമെന്ന് ഐക്യരാഷ്ട്ര സഭയും വത്തിക്കാനെ ഉപദേശിച്ചു. ഒപ്പംതന്നെ ഇത്തരം കേസുകൾ മൂടിവച്ചവരെ വത്തിക്കാൻ തന്നെ പുറത്തുകൊണ്ടുവരണമെന്നും ആവശ്യപ്പെട്ടു. അങ്ങനെയാണ് ഇത്തരം കേസുകൾ കൈകാര്യം ചെയ്യാനുള്ള നിയമങ്ങൾ സഭയിലുണ്ടായിരുന്നുവെങ്കിലും അവയെ കൂടുതൽ കർക്കശമാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ വത്തിക്കാനിൽ നിന്ന് പുറപ്പെട്ടത്.

4. സുരക്ഷിത ചുറ്റുവട്ട പദ്ധതിയുടെ രൂപീകരണത്തിന് സഹായകമായ സിവിലും സഭാപരവുമായ നിയമങ്ങൾ ഏതൊക്കെയാണ്?

മേൽപരാമർശിച്ച വിഷയങ്ങളിൽ ഭാരതകത്തോലിക്കാസഭയുടെ അവസ്ഥ പാശ്ചാത്യനാടുകളിലേതുപോലെ ഗൗരവതരമായിരുന്നില്ലെങ്കിലും ഭാരതത്തിന്റെ സിവിൽ ഭരണകൂടം ഈ വിഷയങ്ങളിൽ കൊണ്ടുവന്നിരിക്കുന്ന പുതിയ നിയമങ്ങൾ കത്തോലിക്കാസഭക്കും സഭയുടെ പ്രവർത്തനശൈലിക്കും സ്ഥാപനങ്ങൾക്കും ബാധകമാണ്. കത്തോലിക്കരടക്കമുള്ള സകല ഭാരതീയരെയും ബാധിക്കുന്ന ഇത്തരം നിയമങ്ങൾ ഇവയാണ്:

1. കുട്ടികളെ ലൈംഗികദുരുപയോഗത്തിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള നിയമം (Protection of Children from Sexual Offences/ പോക്സോ ആക്ട്, 2012)

2. ജോലിസ്ഥലത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം (Sexual Harassment of Women at Workplace - 2013)

3. ബാലനീതി നിയമം (Juvenile Justice Act - 2015)

ഇവ സിവിൽ നിയമങ്ങളാണെങ്കിൽ ഇവയോടൊപ്പം തന്നെ കത്തോലിക്കാസഭയുടെ വിവിധ തലങ്ങളിൽ നിന്നുള്ള നിയമ

malankaralibrary.com

ങ്ങളും പോളിസികളും ഈ വിഷയത്തിൽ ലഭ്യമാണ്. അവ താഴെ പ്പറയുന്നവയാണ്:

1. സാക്രമെന്തോരും സാങ്തിതാതിസ് തൂത്തേല (Sacramentorum Sanctitatis Tutela): 2001-ൽ പരിശുദ്ധ സിംഹാസനം നല്കിയ പ്രസ്തുത മോത്തു പ്രോപ്രിയോയിൽ (മാർപാപ്പ നടത്തുന്ന നിയമനിർമ്മാണം) ഏറ്റവും ഗൗരവതരമായ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിനു ലഭിക്കുന്ന സഭാപരമായ ശിക്ഷയെക്കുറിച്ചുമാണ് സൂചിപ്പിച്ചിരുന്നത്. 2003-ലും 2010-ലും ഈ രേഖ വത്തിക്കാൻ പുതുക്കുകയും പുതിയ വകുപ്പുകൾ ഇതിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളെ ദുരുപയോഗിക്കുന്നതിലുള്ള അധാർമ്മികതയും അത് രാജ്യത്തിന്റെ നിയമത്തിനനുസൃതം കൈകാര്യം ചെയ്യേണ്ടതിന്റെ അനിവാര്യതയും അത്തരം കുറ്റകൃത്യങ്ങൾ റോമിൽ അറിയിക്കണമെന്ന നിർദ്ദേശവുമെല്ലാമാണ് ഈ നിയമങ്ങളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ളത്.

2. സ്നേഹമയിയായ അമ്മയെപ്പോലെ (As a Loving Mother 2016): പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങൾ മറച്ചുവെക്കുന്ന മെത്രാന്മാരെയും സഭാധികാരികളെയും സ്ഥാനഭ്രഷ്ടരാക്കുന്നതിന് വേണ്ടി നല്കിയിരിക്കുന്ന നിയമമാണിത്. വളരെ ഗൗരവത്തോടെയും കാലതാമസം കൂടാതെയും പ്രസ്തുത കേസുകൾ പരിഗണിക്കണമെന്നും നടപടിയെടുക്കണമെന്നുമാണ് പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

3. നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു (Vos Estis Lux Mundi 2019): ഈ വിഷയത്തിൽ പരിശുദ്ധ സിംഹാസനം നല്കിയിരിക്കുന്ന ഏറ്റവും ഒടുവിലത്തെ നിയമങ്ങളാണ് ഇതിലുള്ളത്. കുട്ടികളെ ദുരുപയോഗിക്കുന്ന കേസുകൾ വേഗത്തിലും ഫലപ്രദമായും എങ്ങനെ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

ഇവയോടൊപ്പം തന്നെ ഭാരതകത്തോലിക്കാ മെത്രാൻ സമിതി 2017-ൽ നല്കിയ "ജോലിസ്ഥലത്തെ ലൈംഗികചൂഷണം" തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും (Sexual Harassment of Women at Workplace - Prevention, Prohibition and Redressal Act-2013ന്റെ അടിസ്ഥാനത്തിൽ) ഭാരതകത്തോലിക്കാ മെത്രാൻ

malankaralibrary.com

സമിതിയും (CBCI) കേരള കത്തോലിക്കാ മെത്രാൻ സമിതിയും (KCBC) 2009-ൽ പുറപ്പെടുവിച്ച ലിംഗസമത്വ നയങ്ങളും (Gender policy) സുരക്ഷിത ചുറ്റുവട്ട പദ്ധതിയുടെ രൂപീകരണത്തിലേക്ക് നയിച്ച സഭാപരമായ മറ്റു ഘടകങ്ങളാണ്. "ജോലിസ്ഥലത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള 2013-ലെ നിയമം" (Sexual Harassment of Women at Workplace - Prevention, Prohibition and Redressal Act-2013) എല്ലാ സ്ഥാപനങ്ങളിലും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ആഭ്യന്തര പരാതിപരിഹാര കമ്മറ്റിയുണ്ടായിരിക്കണമെന്നും അതിന്റെ ഡയറക്ടർ ഒരു സ്ത്രീയായിരിക്കണമെന്നും നിർബന്ധപൂർവ്വം ആവശ്യപ്പെടുന്നുമുണ്ട്. ഭാരതകത്തോലിക്കാമെത്രാൻ സമിതിയും ഇതേ കാര്യം 2017-ലെ മാർഗ്ഗനിർദ്ദേശ രേഖയിൽ ഊന്നിപ്പറയുന്നു. ഇവയുടെയെല്ലാം പശ്ചാത്തലത്തിലാണ് കത്തോലിക്കാസഭ സുരക്ഷിതചുറ്റുവട്ട പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്.

5. വൈദികർക്കും സഭാശുശ്രൂഷകർക്കുമെതിരേയുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിൽ മെത്രാനും രൂപതാസംവിധാനങ്ങൾക്കുമുള്ള പരിമിതികൾ എന്താണ്?

വൈദികരുടെയും സഭാശുശ്രൂഷകരുടെയും പേരിലുള്ള പരാതികളും ലൈംഗികദുരുപയോഗ കേസുകളും സഭ മറച്ചുവെച്ചുവെന്നും ഇല്ലാതാക്കിക്കളഞ്ഞുവെന്നും വാദിക്കുമ്പോൾ തന്നെ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്ന രൂപതാമെത്രാന്റെയും സംവിധാനങ്ങളുടെയും പരിമിതികൾ കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. മെത്രാൻ എല്ലാവരുടെയും പിതാവെന്ന നിലയിൽ എല്ലാവരോടും കരുണ കാണിക്കാനും എല്ലാവരെയും വളർത്താനും കടപ്പെട്ടവനാണ്. അതേസമയം തന്നെ കുറ്റം ചെയ്യുന്നവരെ മാതൃകാപരമായി ശിക്ഷിക്കേണ്ട ന്യായാധിപന്റെ ഉത്തരവാദിത്വവും അദ്ദേഹത്തിനുണ്ട്. പലപ്പോഴും ഏതെങ്കിലും ആരോപണമോ കേസോ മെത്രാന്റെ അടുക്കൽ വരുമ്പോൾ അതിനെക്കുറിച്ച് അന്വേഷിച്ച് ഉചിതമായ നടപടിയെടുക്കാൻ മെത്രാന് സാധിക്കാതെ പോകുന്ന സാഹചര്യങ്ങളുണ്ട്. സിവിൽ അധികാരമോ പോലീസോ സഹായത്തിനില്ല എന്നത് കുറ്റകൃത്യങ്ങളുടെ അന്വേഷണത്തെ ഗൗരവതരമായി ബാധിക്കുന്ന കാര്യങ്ങളാണ്. തെറ്റു ചെയ്തയാളുടെ നിരുപാധികമായ മാപ്പപേക്ഷയും ഇനിയാവർത്തി

malankaralibrary.com

ക്കില്ലായെന്ന കണ്ണീരോടുകൂടിയ അഭ്യർത്ഥനയും അദ്ദേഹം എങ്ങനെ കൈകാര്യം ചെയ്യും? അതു മാത്രവുമല്ല, ഒരു കേസ് തന്റെ അടുക്കലെത്തുമ്പോൾ അതുമായി ബന്ധപ്പെട്ട വ്യക്തിയോട് "ചോദിക്കുക" എന്നതിലുപരിയായി ശാസ്ത്രീയമായ യാതൊരു മാർഗ്ഗവുമവലംബിച്ചുകൊണ്ട് അത് തെളിയിക്കാൻ മെത്രാന് സാധിക്കുകയില്ല. ആ വ്യക്തിയുടെ മുറി പരിശോധിക്കാനോ അദ്ദേഹത്തിന്റെ ഉപയോഗവസ്തുക്കളായ മൊബൈൽ, കംപ്യൂട്ടർ എന്നിവ പരിശോധിക്കാനോ കണ്ടുകെട്ടാനോ മെത്രാന് അധികാരമില്ല. ആയതിനാൽത്തന്നെ പലപ്പോഴും ഇത്തരം കേസുകൾ വരുമ്പോൾ മെത്രാന്മാർ നിസഹായരായിപ്പോകുന്ന സാഹചര്യങ്ങളാണ് നിലവിലുള്ളത്.

6. എന്തുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സുരക്ഷിതചുറ്റുവട്ട പദ്ധതിയിൽ സഭാസംവിധാനങ്ങൾക്ക് പകരമായി മറ്റൊരു സംവിധാനം (Safe Environment Committee) രൂപപ്പെടുത്തിയിരിക്കുന്നത്?

കുട്ടികൾ, ദുർബലർ, എളുപ്പത്തിൽ പീഡിപ്പിക്കപ്പെടാൻ സാധ്യതയുള്ളവർ എന്നിവർക്കെതിരേയുള്ള ലൈംഗിക അതിക്രമങ്ങളെയും ചൂഷണങ്ങളെയും തടയുന്നതിനുള്ള നിയമങ്ങൾ കത്തോലിക്കാസഭക്ക് ഇല്ലായിരുന്നുവെന്ന് പറയാനാവില്ല. എന്നാൽ അത്തരം സംവിധാനങ്ങൾ വിശ്വസനീയമാണെന്ന് സംശയരഹിതമായി സ്ഥാപിക്കുന്നതിൽ കത്തോലിക്കാസഭ പരാജയപ്പെട്ടുവെന്നാണ് ആഗോളതലത്തിൽ തന്നെ നാം മനസ്സിലാക്കേണ്ടത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ലോകവ്യാപകമായി നിലവിലിരിക്കുന്ന ആക്ഷേപങ്ങൾ താഴെക്കൊടുക്കുന്നു:

- വൈദികമേധാവിത്വം (clericalism) ഒരു വലിയ ശാപമായിത്തീരുന്നു. തിരുസ്സഭയിൽ വൈദികരുടെ അപ്രമാദിത്വം അരങ്ങുവാഴുന്നുവെന്ന് വാദിക്കുന്ന പൊതുസമൂഹവും മാധ്യമങ്ങളും ലൈംഗിക ദുരുപയോഗ കേസുകൾ കൈകാര്യം ചെയ്യുന്ന സമിതികളിലും വൈദികർ മാത്രമാണുള്ളത് എന്ന ആരോപണം. ഫ്രാൻസിസ് മാർപാപ്പ ഇക്കാര്യം ആവർത്തിച്ച് പറയുന്നുണ്ട്.

- വൈദികർ അവരുടെ അധികാരമുപയോഗിച്ച് പല കേസുകളും തേച്ചുമായ്ച്ച് കളയുകയാണ്. അന്വേഷണം നടത്താനും

malankaralibrary.com

നടപടികളെടുക്കാനും നിയോഗിക്കപ്പെട്ടവർ ഒരേ തൂവൽ പക്ഷികളാകുമ്പോൾ അവിടെ സമവായസാധ്യതകൾ ധാരാളമായുണ്ടാകുന്നു എന്ന് ആരോപണം.

- വൈദികർ തന്നെ കൈകാര്യം ചെയ്യുന്നത് വഴി ധാരാളം കേസുകൾ മറച്ചുവെക്കപ്പെടുകയും ആത്മീയമായ അധികാരമുപയോഗിച്ചുള്ള ഭീഷണിയിൽ പല സത്യങ്ങളും ഇല്ലാതാക്കപ്പെടുകയും ചെയ്തിട്ടുണ്ട് എന്ന ആരോപണം.

- തങ്ങളുടെ ഗണത്തിൽപ്പെട്ട ഒരു വ്യക്തിയുടെ കുറ്റകൃത്യങ്ങൾ ന്യായമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിൽ വൈദികഗണവും മെത്രാന്മാരും എല്ലായ്പോഴും പരാജയമാണ് എന്ന ആരോപണം.

- ഇത്തരം കേസുകളിൽ നടപടിയെടുക്കേണ്ട മെത്രാൻ/ സഭാ സംവിധാനം മേൽപ്പറഞ്ഞ കാരണത്താൽ (ചോദ്യം 4) പല സന്ദർഭങ്ങളിലും ഇതികർത്തവ്യതാമൂഢനായിപ്പോകുന്നു എന്ന സ്ഥിതി വിശേഷം.

മേൽപ്പറഞ്ഞ ആരോപണങ്ങളുടെ പശ്ചാത്തലത്തിലാണ് രൂപതകളുടെ സാധാരണ ഗതിയിലുള്ള ഭരണസംവിധാനത്തിനു പുറമേ മറ്റൊരു കമ്മറ്റി ഈ വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി ആവശ്യമുണ്ട് എന്ന് സഭ ചിന്തിച്ചുതുടങ്ങിയത്.

7. ഇത്തരം കമ്മറ്റികളുടെ സ്വഭാവം എന്തായിരിക്കണം/ ഈ കമ്മറ്റിയെ നയിക്കേണ്ടത് ആരാണ്?

സഭാശുശ്രൂഷകർക്കെതിരേ ലൈംഗികഅപവാദങ്ങളടക്കുമുള്ള കേസുകൾ വർദ്ധിക്കുകയും അതേസമയം അവ നീതിപൂർവ്വം കൈകാര്യം ചെയ്യുന്നതിൽ സഭാസംവിധാനങ്ങൾ പരാജയപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് പുതിയ നിയമങ്ങളെയും സംവിധാനങ്ങളെയും കുറിച്ച് സഭ ചിന്തിക്കാൻ ആരംഭിക്കുന്നത്. അതിനാൽത്തന്നെ, പുതിയ സംവിധാനം അതിന്റെ പങ്കാളിത്തത്തിലും നേതൃത്വത്തിലും വൈദികർക്ക് തന്നെ ഏല്പിക്കപ്പെടുന്നത് സംവിധാനത്തിന്റെ ഉദ്ദേശശുദ്ധിയും വിശ്വാസ്യതയും ചോദ്യം ചെയ്യപ്പെടുന്നതിന് ഇടയാക്കും. മാത്രവുമല്ല, രൂപതകളിൽ സ്ഥാപിക്കണമെന്ന് കേരളകത്തോലിക്കാ മെത്രാൻ സമിതി ആവശ്യപ്പെട്ടിരിക്കുന്ന സുരക്ഷിത ചുറ്റുവട്ട കമ്മറ്റി (Safe Environment

malankaralibrary.com

Committee) തന്നെയാണ് "ജോലിസ്ഥലത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള 2013-ലെ നിയമം" എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുന്ന ആഭ്യന്തര പരാതിപരിഹാര കമ്മറ്റിയുടെയും (Internal Complaint Committee) ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടത്. ഭാരത കത്തോലിക്കാ മെത്രാൻ സമിതി ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ 2017-ൽ നല്കിയ മാർഗ്ഗരേഖ (Guidelines to Deal with Sexual Harassment at Workplace - 2017 by CBCI) എല്ലാ സഭാസ്ഥാപനങ്ങളിലും ആഭ്യന്തരപരാതി പരിഹാര കമ്മറ്റികൾ (Internal Complaint Committee) ഉണ്ടാകണമെന്നും അവയെ രൂപതാ/പ്രോവിൻസ് തലത്തിൽ ഏകോപിപ്പിക്കണമെന്നും (Diocesan/Provincial Complaint Committee) നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത കമ്മറ്റിയുടെ പ്രിസൈഡിംഗ് ഓഫീസർ നിർബന്ധമായും ഒരു സ്ത്രീയായിരിക്കണമെന്ന് സിവിൽനിയമവും CBCI മാർഗ്ഗരേഖയും വ്യവസ്ഥ ചെയ്യുന്നുമുണ്ട് (Sexual Harassment of Women at Workplace; Prevention, Prohibition and Redressal Act -2013, II.4.2 & Guidelines to Deal with Sexual Harassment at Workplace - 2017 by CBCI, 6.B). ഇവയെല്ലാം പരിഗണിക്കുമ്പോൾ സഭയ്ക്ക് അതിന്റെ ധാർമ്മികജീവിതത്തിൽ നഷ്ടപ്പെട്ടുപോകുന്ന വിശ്വാസ്യത വീണ്ടെടുക്കാനുള്ള ഏറ്റവും ഉദാത്തമായ ശ്രമമെന്ന നിലയിൽ പുതിയ സംവിധാനത്തിന്റെ നേതൃത്വവും ഭൂരിപക്ഷഅംഗത്വവും (മുമ്പ് പരാമർശിച്ച നിയമത്തിന്റെ വെളിച്ചത്തിൽ നേതൃത്വത്തിൽ സ്ത്രീ തന്നെ വരേണ്ടതുണ്ട്) അല്മായർക്കാണ് നല്കേണ്ടത്. സുരക്ഷിത ചുറ്റുവട്ട പദ്ധതിയുടെ മാർഗ്ഗരേഖ അപ്രകാരം നിർബന്ധം പറയുന്നില്ലെങ്കിലും പ്രായോഗികമായി (നിയമപ്രകാരവും കമ്മറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പരിഗണിച്ചും) ഇതാണ് സാദ്ധ്യമാവുക. ഇപ്രകാരം ചിട്ടപ്പെടുത്താത്ത കമ്മറ്റിക്ക് ഗുണപ്രദമായ ഇടപെടലുകൾ നടത്താൻ സാധിക്കാതെ വരും എന്നതാണ് സത്യം.

8. ഇത്തരം കമ്മറ്റികൾക്ക് സിവിൽ നിയമത്തിൽ സാധുതയുണ്ടോ? സിവിൽ നിയമം ഇവയെ അംഗീകരിക്കുന്നുണ്ടോ?

തീർച്ചയായും. സിവിൽ നിയമം ഇത്തരം കമ്മറ്റികളെ അംഗീകരിക്കുന്നുണ്ടെന്ന് മാത്രമല്ല, അവ ഉണ്ടായിരിക്കണമെന്ന് നിർബ

malankaralibrary.com

ന്ധപൂർവ്വം ആവശ്യപ്പെടുകയും കൂടി ചെയ്യുന്നുണ്ട്. പോക്സോ കേസുകൾ- കൃത്യമായി അറിയുന്നവരും അത്തരം കേസുകളെപ്പറ്റി ധാരണകൾ ലഭിക്കുന്നവരും - നേരിട്ട് പോലീസിലറിയിക്കാൻ കടപ്പെട്ടവരാണ്. അവ കൈകാര്യം ചെയ്യാൻ ഇന്ത്യൻ നിയമവ്യവസ്ഥക്കല്ലാതെ മറ്റാർക്കും അധികാരമില്ല. അതേസമയം, പ്രായപൂർത്തിയായവർ ജോലിസ്ഥലങ്ങളിൽ നേരിടുന്ന ലൈംഗികാതിക്രമങ്ങളെ അതാത് ജോലിസ്ഥലങ്ങളുമായി ബന്ധപ്പെട്ട് രൂപപ്പെടുത്തിയിരിക്കുന്ന പരാതിപരിഹാര കമ്മറ്റിക്ക് കൈകാര്യം ചെയ്യാവുന്നതും തീർപ്പാക്കാവുന്നതുമാണ്. തീരുന്നില്ലെങ്കിൽ സഭാതലത്തിൽത്തന്നെയുള്ള അപ്പീൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താം. എന്നാൽ അവിടെയും തീർപ്പാകാത്ത കേസുകൾ സർക്കാർ സംവിധാനത്തിലേക്കാണ് കൈമാറേണ്ടത്. ഭാരതകത്തോലിക്കാ സഭയുടെ 2017-ലെ മാർഗ്ഗരേഖ പ്രകാരം എല്ലാ സഭാസ്ഥാപനങ്ങളിലും ആഭ്യന്തരപരാതിപരിഹാര കമ്മറ്റികൾ ഉണ്ടാവുകയും അവയെ രൂപതാ/പ്രോവിൻസ് തലത്തിൽ പ്രവർത്തിക്കുന്ന പരാതിപരിഹാര കമ്മറ്റികൾ ഏകോപിപ്പിക്കുകയും ചെയ്യണം.

9. ആഭ്യന്തര പരാതിപരിഹാരകമ്മറ്റിയുടെ സ്വഭാവമുള്ള സുരക്ഷിതപരിസ്ഥിതി കമ്മറ്റി രൂപീകരിക്കുന്നില്ലെങ്കിൽ എന്താണ് പ്രശ്നം?

ആഭ്യന്തരപരാതികമ്മറ്റികൾ (Internal Complaint Committee) എല്ലാ സ്ഥാപനങ്ങളിലും നിയമം മൂലം നിർബന്ധിതമാക്കുന്ന "ജോലിസ്ഥലത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള 2013-ലെ നിയമം" ഓരോ ജില്ലയിലെയും ഡിഎം, എഡിഎം, കളക്ടർ, ഡെപ്യൂട്ടി കളക്ടർ എന്നിവരിലാരെങ്കിലും ഈ നിയമപ്രകാരമുള്ള കാര്യങ്ങൾ നടപ്പാക്കാനുള്ള ഡിസ്ട്രിക്ട് ഓഫീസറായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഡിസ്ട്രിക്ട് ഓഫീസർ ഒരു "പ്രാദേശിക പരാതിപരിഹാര കമ്മറ്റി" (Local Complaints Committee) സ്ഥാപിക്കണം. പത്ത് അംഗങ്ങളിൽ താഴെയുള്ള സ്ഥാപനങ്ങളിൽ നിന്നും ഏതൊരു സ്ഥാപനത്തിന്റെയും ഉന്നതാധികാരിയിൽ നിന്നും ലൈംഗികാതിക്രമങ്ങളുണ്ടാകുമ്പോൾ ഇരയാകുന്ന വ്യക്തി പരാതി നല്കേണ്ടത് ഈ കമ്മറ്റിക്കാണ്. ആഭ്യന്തരപരാതിപരിഹാരകമ്മറ്റി ഇല്ലാത്ത സ്ഥാപനങ്ങളിലും ഇത്തരം പരാതികളുണ്ടായാൽ അത് മേൽപ്പറഞ്ഞ പ്രാദേശികകമ്മറ്റിയിലേക്കായിരിക്കും പോകാനിടയാവുക.

malankaralibrary.com

ഈ നിയമങ്ങൾ പ്രയോഗത്തിൽ വരുമ്പോൾ, രൂപതയുടെ സ്ഥാപനങ്ങളും ഇടവകകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കാൻ ഇത്തരമൊരു സംവിധാനമില്ലാത്ത ഒരവസ്ഥയിൽ തൊഴിൽദാതാവ് എന്ന നിലയിലോ അധികാരി എന്ന നിലയിലോ കണക്കാക്കപ്പെടുന്ന മെത്രാൻ ഈ കേസുകൾ കൈകാര്യം ചെയ്യാൻ നിയമം അനുവദിക്കുന്നില്ല. ഒരു സ്ത്രീ തന്നെ പ്രിസൈഡിംഗ് ഓഫീസറായി വരുന്ന കമ്മറ്റി ഇല്ലായെങ്കിൽ സ്വാഭാവികമായും കേസ് പ്രാദേശിക കമ്മറ്റിയിലേക്കായിരിക്കും (Local Complaint Committee) നല്കേണ്ടി വരിക. മെത്രാനോ മറ്റേതെങ്കിലും രൂപതാസംവിധാനമോ കേസ് ഏറ്റെടുത്ത് രമ്യതയിലേക്കെത്തിക്കുക എന്നത് ഇവിടെ സിവിൽ നിയമത്തിന്റെ ലംഘനമായി കണക്കാക്കപ്പെടും. ഏതെങ്കിലും കാരണവശാൽ മെത്രാനോ മറ്റ് ബദൽ സംവിധാനങ്ങളോ ഇത്തരം തീർപ്പുകളിലെത്തുന്നത് പരാതി നല്കുന്ന കക്ഷിക്ക് തൃപ്തികരമല്ലാതെ വരികയും അവർ സിവിൽ നിയമനടപടികളുമായി മുന്നോട്ടു പോവുകയും ചെയ്താൽ ആദ്യമേ തീർപ്പ് കല്പിച്ച സംവിധാനത്തിന്റെ നിയമസ്വഭാവം കോടതിയിൽ ചോദ്യംചെയ്യപ്പെടാം. മാത്രവുമല്ല, അവിടെ നടന്ന നടപടിക്രമങ്ങൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കുകയും ചെയ്യും.

10. സുരക്ഷിതപരിസ്ഥിതി കമ്മറ്റി (ആഭ്യന്തര പരാതിപരിഹാര കമ്മറ്റി) ഒരു പരാതിയിന്മേൽ എപ്രകാരമാണ് നടപടികൾ സ്വീകരിക്കുന്നത്?

9.1 സിവിൽ നിയമപ്രകാരം

- പരാതി നല്കുന്ന കക്ഷിയുടെ ആവശ്യപ്രകാരം ഈ കമ്മറ്റിക്ക് അവരുടെ പരാതിയിന്മേൽ ഇരുകക്ഷികളോടും സംസാരിച്ച് ഒത്തുതീർപ്പിലെത്താമെന്ന് വകുപ്പ് 10,1 വ്യവസ്ഥ ചെയ്യുന്നുണ്ട്. അത് പണം നല്കിയുള്ള ഒത്തുതീർപ്പാകാൻ പാടില്ലെന്നും പ്രത്യേകം പറയുന്നു. ഒത്തുതീർപ്പിലെത്തുന്നത് എന്താണോ അത് എഴുതി അതാത് കമ്മറ്റികൾ ഡിസ്ട്രിക്ട് ഓഫീസറെയോ തൊഴിൽദാതാവിനെയോ ഏല്പിക്കുകയും അതിന്റെ പ്രതികൾ ഇരുകക്ഷികൾക്കുമായി നല്കുകയും വേണം. ഒത്തുതീർപ്പിലെത്തുന്നതോടൊപ്പം തന്നെ ചില നടപടികളെടുക്കാനുള്ള നിർദ്ദേശവും തൊഴിൽദാതാവിനോ ഡിസ്ട്രിക്ട് ഓഫീസർക്കോ നല്കുകയും അവർ അത് സ്വീകരിക്കുകയും ചെയ്യേണ്ടതുമാണ്. ഒത്തു

malankaralibrary.com

തീർപ്പിലെത്തിയ കേസുകളിന്മേൽ തുടരന്വേഷണത്തിന്റെ ആവശ്യമില്ല. (Sexual Harassment of Women at Workplace-2013, Section 10, sub-sections 1-4)

- ഒത്തുതീർപ്പിലെത്താത്തതും ഒത്തുതീർപ്പുവ്യവസ്ഥകൾ പരാതി നല്കിയ വ്യക്തിക്ക് സ്വീകാര്യമല്ലാത്തപ്പോഴും പരാതി നല്കിയ കക്ഷി ഒത്തുതീർപ്പിന് ആവശ്യപ്പെടാത്തതുമായ എല്ലാ സാഹചര്യങ്ങളിലും പരാതികളിന്മേൽ പരാതി നല്കിയ കക്ഷി ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ തൊഴിൽ നിയമങ്ങളനുസരിച്ചോ (service rules), തൊഴിൽ നിയമങ്ങളില്ലാത്ത സ്ഥാപനങ്ങളാണെങ്കിൽ അവർക്കുള്ള പ്രത്യേക നിയമങ്ങളനുസരിച്ചോ (ഓരോ രൂപതയും ഇത്തരം നിയമനടപടിക്രമങ്ങൾ നിർമ്മിക്കണമെന്ന് സുരക്ഷിത പരിസ്ഥിതി പദ്ധതി നിർദ്ദേശിക്കുന്നുണ്ട്) തുടരന്വേഷണം നടത്തേണ്ടതുണ്ട്. ഇത്തരം നിയമനടപടിക്രമങ്ങളില്ലാത്ത സ്ഥാപനങ്ങളാണെങ്കിൽ ആഭ്യന്തരകമ്മറ്റിയായാലും പ്രാദേശികകമ്മറ്റിയായാലും പരാതി ഇന്ത്യൻ ശിക്ഷാനിയമം വകുപ്പ് 509 പ്രകാരം കേസെടുക്കുന്നതിന് പോലീസിന് കൈമാറുകയാണ് വേണ്ടത് (വകുപ്പ് 11,1).

9.2 ഭാരതകത്തോലിക്കാ മെത്രാൻ സമിതിയുടെ നിർദ്ദേശങ്ങൾ (2017-ലെ മാർഗ്ഗനിർദ്ദേശങ്ങളിലുള്ളത്)

അനൗദ്യോഗികവും ഔദ്യോഗികവുമായ നടപടിക്രമങ്ങളെക്കുറിച്ച് CBCI നിർദ്ദേശിക്കുന്നുണ്ട്. സർക്കാർ നിയമങ്ങളനുസരിച്ചുതന്നെയാണ് അല്പം വിശദമായി ഇവ നല്കിയിരിക്കുന്നത്.

I. അനൗദ്യോഗിക പ്രക്രിയ (Informal process)

(a) എല്ലാ പ്രശ്നങ്ങളും കഴിയുമെങ്കിൽ അനൗദ്യോഗികമായും സൗഹാർദ്ദപരമായും പരിഹരിക്കാൻ എല്ലാവരും ശ്രമിക്കണം. അതിനുവേണ്ടി സ്വാതന്ത്ര്യത്തിന്റെയും ആദരവിന്റെയും ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ ഏവരും ശ്രമിക്കണം. അപ്പോൾ, എല്ലാ പ്രശ്നങ്ങളും പരാതികളും പരിഭവങ്ങളും തുറന്നതും സത്യസന്ധവും ഭീഷണിരഹിതവുമായ രീതിയിൽ പരിഹരിക്കാൻ സാധിക്കും.

(b) കുറ്റാരോപിതനെ സമീപിക്കുക: ചിലപ്പോൾ തന്റെ പെരുമാറ്റം ലൈംഗികപരമായി മോശമാണെന്ന് ഒരു വ്യക്തി അറിയു

malankaralibrary.com

ന്നുണ്ടാവില്ല. അത്തരം സന്ദർഭങ്ങളിൽ കമ്മറ്റിയിലെ അംഗങ്ങളിലൊരാൾ ആ വ്യക്തിയോട് അയാളുടെ പെരുമാറ്റം അസ്വീകാര്യമാണെന്നും അപ്രകാരം പെരുമാറരുതെന്നും ആവശ്യപ്പെടുക.

(c) കൂടെ ജോലിചെയ്യുന്ന ആളുടെ സഹായം തേടുക: കുറ്റാരോപിതനുമായി കൂടിക്കാഴ്ച നടത്തുമ്പോൾ അയാളുടെ പെരുമാറ്റം അസ്വീകാര്യമാണെന്ന് അയാളെ ബോദ്ധ്യപ്പെടുത്തുന്നതിനും ആവർത്തിക്കരുതെന്ന് ആവശ്യപ്പെടുന്നതിനുമായി ഒരാളെ കൂടെക്കൂട്ടുക.

(d) മാദ്ധ്യസ്ഥം: നിലവിലുള്ള പ്രശ്നത്തിൽ യാതൊരുവിധ പങ്കുമില്ലാത്ത മൂന്നാമതൊരു കക്ഷി പ്രശ്നത്തിലകപ്പെട്ട കക്ഷികളെ പ്രശ്നപരിഹാരത്തിനായി ഒരു തീരുമാനത്തിലെത്തുന്നതിന് പ്രസ്തുത കക്ഷികളെതന്നെ സഹായിക്കുന്ന പ്രക്രിയയാണിത്. സംഘർഷമുണ്ടാകാവുന്ന സാഹചര്യങ്ങളുടെ ആവർത്തനം തടയുന്നതിനും ഇത് സഹായകമാണ്.

(e) കക്ഷികൾ പ്രശ്നപരിഹാരത്തിലെത്തിക്കഴിയുമ്പോൾ ആഭ്യന്തരപരാതിക്കമ്മറ്റി പ്രസ്തുത തീരുമാനം രേഖപ്പെടുത്തുകയും നിർദ്ദിഷ്ട നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തോട് നിർദ്ദേശിക്കുകയും ചെയ്യും.

(f) കക്ഷികൾ ഉഭയസമ്മതപ്രകാരം പ്രശ്നപരിഹാരത്തിലെത്തിയാൽ പിന്നീട് ആഭ്യന്തരപരാതിക്കമ്മറ്റി അന്വേഷണം നടത്തേണ്ടതില്ല.

(g) മേൽപ്പറഞ്ഞ അനൗദ്യോഗികനടപടിക്രമങ്ങളിൽ പരാതി നല്കിയ വ്യക്തിക്ക് സംതൃപ്തിയില്ലാതെ വരികയും ഔദ്യോഗികമായ നടപടികൾ ആവശ്യമാണെന്ന് തോന്നുകയും ചെയ്യുന്നുവെങ്കിൽ നടപടികൾ ഉടനെ ആരംഭിക്കുന്നതിനായി എഴുതിത്തയ്യാറാക്കിയ പരാതി ആഭ്യന്തരപരാതിക്കമ്മറ്റിക്ക് ഉടനെ തന്നെ നല്കണം.

ഇപ്രകാരം എഴുതി തയ്യാറാക്കി നല്കുന്ന പരാതിയിന്മേൽ സിവിൽ നിയമം നിർദ്ദേശിക്കുന്നതു പോലുള്ള നടപടികളാണ് കമ്മറ്റി സ്വീകരിക്കുക.

malankaralibrary.com

11. പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് ഇത്തരം കമ്മറ്റികൾക്ക് സിവിൽ നിയമം നല്കുന്ന അവകാശാധികാരങ്ങൾ എന്താണ്?

1908-ലെ സിവിൽ നടപടിക്രമങ്ങളെ സംബന്ധിച്ച നിയമം വ്യവസ്ഥ ചെയ്യുന്ന സിവിൽ കോടതിയുടെ എല്ലാ അവകാശാധികാരങ്ങളും ഈ കമ്മറ്റിക്കുണ്ടായിരിക്കുന്നതാണ്. അവ: 1) ഏതൊരു വ്യക്തിയെയും കമ്മറ്റിക്ക് മുമ്പിൽ വിളിച്ചുവരുത്താനും അവരെ പ്രതിജ്ഞ ചെയ്യിച്ചശേഷം ചോദ്യം ചെയ്യാനും സാധിക്കും. 2) രേഖകൾ കണ്ടെത്താനും അവ കണ്ടുകെട്ടാനും കഴിയും. 3) നിയമാനുസൃതം കൈക്കൊള്ളാവുന്ന ഏതു നടപടിയും സ്വീകരിക്കാനും കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കും. കമ്മറ്റിയുടെ ഇത്തരം നടപടിക്രമങ്ങളോട് സഹകരിക്കുന്നില്ലെങ്കിൽ വകുപ്പ് 11,1 -ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം കേസ് പോലീസിന് കൈമാറുക മാത്രമാണ് ചെയ്യാൻ സാധിക്കുക. കാരണം, പ്രസ്തുത കമ്മറ്റിയുടെ നിയമനടപടിക്രമങ്ങൾ ഈ സാഹചര്യത്തിൽ സ്വാധീന ശേഷിയുള്ളതായിത്തീരുന്നില്ല എന്നുവേണം കണക്കാക്കാൻ. അനുരഞ്ജനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താനുള്ള അവസരമാണ് ഇത്തരുണത്തിൽ നഷ്ടപ്പെടുന്നത്.

12. ഏതു തരം കേസുകളാണ് ഈ കമ്മറ്റികൾ കൈകാര്യം ചെയ്യുന്നത്?

സുരക്ഷിത ചുറ്റുവട്ട പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ (Guidelines) 15 നമ്പറുകളിലായി പറയുന്ന കാര്യങ്ങളിൽ ഏതെങ്കിലുമൊക്കെ ലംഘിക്കുക വഴിയായി കുട്ടികളോ എളുപ്പത്തിൽ മുറിവേൽക്കുന്ന മുതിർന്നവരോ ലൈംഗികഅതിക്രമങ്ങൾക്ക് വിധേയരാവുകയോ തങ്ങൾ ലൈംഗികാതിക്രമത്തിന് വിധേയരായി എന്ന് അവർക്ക് തോന്നുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ അവർക്ക് ഈ കമ്മറ്റിയെ സമീപിക്കാവുന്നതും കേസ് നല്കാവുന്നതുമാണ്. ഇത്തരം പരാതികൾ സ്വീകരിക്കാൻ സിവിൽ നിയമ ദൃഷ്ടിയിൽ രൂപതാമെത്രാനെ തൊഴിൽദാതാവെന്ന നിലയിൽ കണ്ടുകൊണ്ട് സിവിൽ നിയമം അയോഗ്യനാക്കുന്നുണ്ട്. അതേ സമയം സഭാശുശ്രൂഷകർ തമ്മിൽ വിവിധ വിഷയങ്ങളിലുണ്ടാകുന്ന തർക്കങ്ങളും മറ്റും പരിഹരിക്കാൻ മറ്റൊരു തർക്കപരിഹാരസമിതിയാണ് രൂപീകരിക്കേണ്ടത്.

malankaralibrary.com

13. ഇത്തരം കമ്മിറ്റികൾ രൂപതകളിൽ എപ്പോൾ ഉണ്ടാകണം?

സിവിൽ നിയമപ്രകാരം 2013-ൽത്തന്നെ ഇത്തരം കമ്മറ്റികൾ പ്രവർത്തിച്ചു തുടങ്ങേണ്ടിയിരുന്നു. ഇത്തരം കമ്മറ്റികൾ രൂപീകരിക്കാത്ത തൊഴിൽദാതാക്കൾക്ക് 50,000 രൂപ വരെ പിഴ ശിക്ഷയായി ഈ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള കത്തോലിക്കാമെത്രാൻ സമിതി ഈ നിയമങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ അല്പംകൂടി വ്യാപകമായ അർത്ഥത്തിൽ രൂപീകരിച്ചിരിക്കുന്ന സുരക്ഷിത പരിസ്ഥിതി കമ്മറ്റി എല്ലാ സീറോ മലബാർ രൂപതകളിലും 2019 മാർച്ച് 1 മുതൽ പ്രവർത്തനമാരംഭിക്കണമെന്ന് സീറോ മലബാർ സഭാദ്ധ്യക്ഷൻ അഭി. ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്തായുടെ ഡിക്രി ഈ വർഷം ഫെബ്രുവരി 6-ന് കാക്കനാട് നിന്ന് നല്കപ്പെട്ടിട്ടുണ്ട്. ഇതിനും പുറമേ റോമിൽ നടന്ന സിനഡിന്റെ പശ്ചാത്തലത്തിൽ ഫ്രാൻസിസ് മാർപാപ്പ നല്കിയ "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" (Vos Estis Lux Mundi) എന്ന മോത്തു പ്രോപിയോ, കെസിബിസി-യുടെ സുരക്ഷിത പരിസ്ഥിതി പദ്ധതിക്ക് സമാനമായ അതിലെ നിർദ്ദേശങ്ങൾ 2020 ജൂൺ 1 മുതൽ പ്രാബല്യത്തിൽ വരുമെന്നും പ്രസ്താവിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ ഇത്തരം കമ്മറ്റികളുടെ രൂപീകരണം വൈകിക്കുന്നത് തികച്ചും അനഭിലഷണീയമാണ്.

14. വൈദികരും സഭാശുശ്രൂഷകരും സഭയുടെയും സർക്കാരിന്റെയും നിയമങ്ങൾ അറിഞ്ഞിരിക്കേണ്ടത് എന്തുകൊണ്ട്?

ഇത്തരം നിയമങ്ങളും അവയുമായി ബന്ധപ്പെട്ട ജീവിതശൈലീ നിയന്ത്രണങ്ങളുമെല്ലാം രൂപപ്പെടുന്നതും ചർച്ചയാകുന്നതും ഈയടുത്ത വർഷങ്ങളിലാണ്. നിയമങ്ങളും നടപടികളും അറിഞ്ഞിരിക്കുക എന്നത് സുരക്ഷിതവും ഗുണപ്രദവുമായ ശുശ്രൂഷാജീവിതത്തിന് തികച്ചും അനിവാര്യമായ കാര്യവുമാണ്. ഇത്തരം നിയമങ്ങളെയും മറ്റുമുള്ള അജ്ഞത സഭാശുശ്രൂഷകരെ എളുപ്പത്തിൽ അപകടത്തിൽ ചാടിക്കാൻ സാധ്യതയുണ്ട്. ഏതെങ്കിലും തരത്തിലുള്ള കേസുകളിലോ കുഴപ്പങ്ങളിലോ അറിഞ്ഞോ അറിയാതെയോ വീണുപോകുന്നവർക്ക് സിവിൽ നടപടിക്രമങ്ങളെ അഭിമുഖീകരിക്കേണ്ട സാഹചര്യം വന്നാൽ സഭയുടെ നിയമങ്ങൾ ശരിയായി പാലിക്കാത്തതും അവരുടെ കുറ്റകൃത്യത്തിന്റെ ഗൗരവം വർദ്ധിപ്പിക്കാനിടയാകും.

malankaralibrary.com

15. മറ്റ് സമുദായങ്ങളും മതവിഭാഗങ്ങളും ഈ വിഷയത്തിൽ ഇപ്രകാരമുള്ള നിലപാടുകൾ സ്വീകരിക്കുന്നില്ലല്ലോ. അതിനാൽ നാം തിടുക്കം കൂട്ടേണ്ടതുണ്ടോ?

കത്തോലിക്കാസഭയ്ക്ക് ധാർമ്മികതയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും സഭയുടെ ധാർമ്മികജീവിതവും വളരെയധികം ഉന്നതവും വിശുദ്ധവും ആദർശബദ്ധവുമാണ്. മറ്റുള്ളവർ ചെയ്യുന്നത് നോക്കിയല്ല സഭ പ്രവർത്തിക്കുകയും പഠിക്കുകയും ചെയ്യുന്നത്. ദൈവികവെളിപാടിൽ അധിഷ്ഠിതമായി തിരുസ്സഭയ്ക്ക് ലഭിച്ചിരിക്കുന്ന ധാർമ്മികതയും പ്രവർത്തനശൈലികളും മറ്റു ജനവിഭാഗങ്ങൾ അനുകരിക്കുകയാണ് പതിവ്. വാസ്തവം ഇതായിരിക്കേ, സഭയുടെ വിശ്വാസ്യതയ്ക്കും ധാർമ്മികകാഴ്ചപ്പാടുകൾക്കും കോട്ടം വരുത്തുന്ന രീതിയിൽ സമീപദശകങ്ങളിലുണ്ടായ സംഭവവികാസങ്ങൾ പഠനവിധേയമാക്കി തെറ്റുകൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള സാഹചര്യങ്ങൾ രൂപപ്പെടുത്താനും അതുവഴിയായി ലോകത്തിന് മുഴുവൻ മാതൃകയായി മാറാനും തിരുസ്സഭക്ക് ഉത്തരവാദിത്വമുണ്ട്. രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കുന്നതിലും പ്രവർത്തനങ്ങളിലുള്ള വീഴ്ചകൾ പരിഹരിക്കുന്നതിലും തിന്മയോട് പടപൊരുതുന്നതിലും നന്മയ്ക്ക് മാതൃകയാകുന്നതിലും മുന്നിട്ടു നില്കുന്നില്ലെങ്കിൽ തിരുസ്സഭയുടെ പ്രസക്തി തന്നെ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും.

malankaralibrary.com

References

Alancherry, Cardinal George. Decree, Prot.No.0298/2019. Published in the Bulletin of the Eparchy of Mananthavady, March 2019, pp. 36-37.

"Catholic Church Child Sexual Abuse Scandal". https:// www.bbc.com/news/world-44209971. Accessed 25 May, 2019.

Parackal, Noble Thomas. Sexual Offences Against Minors and Vulnerable Adults: Ecclesiastical and Civil Laws and Procedures. Atma Books: Calicult, 2019.

Porunnedom, Bishop Jose. Circular, Prot.No.21955/2019. Eparchial Bulletin of the Eparchy of Mananthavady, May 2019, pp.7-12.

Porunnedom, Bishop Jose. Circular, Prot, No.22347/2019. Eparchial Bulletin of the Eparchy of Mananthavady, October 2019, pp. 3-8.

"Vatican must Immediately Remove Child-abusers: UN". https:// www.bbc.com/news/world-europe-26044852. Accessed 25 May, 2019.

malankaralibrary.com



MALANKARA
LIBRARY

malankaralibrary.com

കത്തോലിക്കാ സഭയുടെ
സുരക്ഷിത ചുറ്റുവട്ട പദ്ധതി

ബിഷപ് ജോസ് പൊരുന്നേടം

ഏതൊരു തീരുമാനത്തിന്റെയും പ്രാഥമികലക്ഷ്യം ഏറ്റവും ചെറിയവരെ കരുതുക എന്നതും മാനസികവും ശാരീരികവുമായ ഏതുതരം ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുക എന്നതുമായിരിക്കണം. അങ്ങനെ, സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്ന പ്രതിരോധാത്മക നിലപാടിൽ നിന്നുള്ള മാനസികമായ ഒരു ശൈലീമാറ്റം ഉണ്ടാവുകയും എല്ലാവിധത്തിലും ദുരുപയോഗങ്ങൾക്ക് ഇരയായവർക്ക് പ്രാധാന്യം നല്കിക്കൊണ്ട് സമൂഹത്തിന്റെ നന്മ സ്വായത്തമാക്കുകയും വേണം. ഏറ്റവും ചെറിയവരുടെ നിഷ്കളങ്കമായ മുഖങ്ങൾ എല്ലായ്പോഴും മുന്നിൽക്കണ്ടുകൊണ്ട് നാം നമ്മുടെ ഗുരുവിന്റെ വാക്കുകൾ സദാ ഓർമ്മിക്കണം: 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ദുഷ്പ്രേരണ നല്കുന്നവൻ ആരായാലും അവനു കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ല് കെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും. പ്രലോഭനങ്ങൾ നിമിത്തം ലോകത്തിന് ദുരിതം. പ്രലോഭനങ്ങൾ ഉണ്ടാകേണ്ടതാണ്, എന്നാൽ പ്രലോഭനഹേതുവാകുന്നവന് ദുരിതം' (മത്താ. 18,6 - 7)

പോപ്പ് ഫ്രാൻസിസ്

atma®
book with a soul

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600, 91 9746077500,
E-mail: atmabooks@gmail.com
www.atmabooks.com

malankaralibrary.com